# വേട്ട:
# ഒരു അവസാനപാഠം

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

കുഞ്ചിരോമം നിലത്തിഴയുന്ന തറയിൽ
കുന്തിച്ചിരുന്ന കുഞ്ചിരാമൻ സിംഹം
മാനിറച്ചി ചവച്ച ദുർഗന്ധത്തിൽ
യമനെക്കാക്കുന്ന കപടയമിപോലെ.
തത്ത്വബോധമില്ലാത്ത തത്ത്വചിന്ത
ഹിംസിക്കും സിംഹീകടാക്ഷത്തിൽ
അലറുന്ന രാജശാസനപോലെ.

ജീവിതം ഒരു വേട്ട –
നായകനായയെ വേട്ടോനെന്നും
നായികപ്പട്ടിയെ വേട്ടോളെന്നും
നരനായ് പിറന്നോർക്കു
നുരയുന്ന നരനായാട്ടെന്നും
ശാസ്ത്രപുരാണാനുശാസനം:
കൽശിലയെ കൊത്തിനോവിക്കാത്ത
സംശയാതീത അതിജീവന ശാശ്വതി;
മരണക്കിടക്കയിൽ തലമുറത്തനുജർക്കു
വിനിമയം വേണ്ടാത്ത ശാന്തിമന്ത്രം;
ഉറഞ്ഞുതുറുപ്പിച്ചു തട്ടിത്തെറിപ്പിക്കും
വിഗ്രഹഭഞ്ജന പൂർവ്വാശ്രമാനുഭം.

പ്രശ്നവടവൃക്ഷവേ്വടിന്തൊങ്ങലിൽ
തൂങ്ങിയാടും സംക്ഷിപ്ത കഥാസാരം
കഥനകലയിൽ തുടിച്ച കദനകഥയാക്കി

വറ്റിവരണ്ട അച്ചടിമഷിത്തുള്ളിയിൽ
ചതഞ്ഞ കല്ലച്ചിൽ പരത്തിത്തെളിയിച്ച
ഏഴാംമുദ്ര തുറക്കും ദർഘാസ് പരസ്യം.
ആർക്കും കക്ഷിചേരാൻ ഇപ്പാഠം
ഗുണപാഠ ദുരൂഹതയിൽ ഇവിടെയവസാനം.

## <u>അദ്ധ്യാപകർക്കുള്ള അഭ്യാസം</u>

1. ഈ പാഠത്തിലെ കഠിന പദങ്ങളുടെ അർത്ഥം അർത്ഥനോട്ടിൽനിന്നും പകർത്തുക.
2. ഈ ഖണ്ഡത്തിലെ നാമം, ക്രിയ, വിശേഷണം എന്നിവ തിരിച്ചു കണ്ടെത്തി പട്ടികയാക്കുക. ഈ ഭാഗം ജാതിമതഭേദമെന്നിയേ എല്ലാവർക്കും ബാധകം.
3. ഈ പ്രശ്നനാടകവും ഇബ്സന്റെ നാടകങ്ങളും എൻ. കൃഷ്ണപിള്ളയുടെ “ഭഗ്നഭവന”വുമായി ഒരു താരതമ്യപഠനം നടത്തുക.
4. സംഘട്ടന-വൈരുദ്ധ്യാത്മകത നിഴലിക്കുന്ന ഈ നാടകത്തിലെ പ്രധാന കഥാപാത്രങ്ങളെ കണ്ടെത്തി, ഇതിൽ നാട്ടുകാർ കക്ഷിചേർന്ന് കുളംകലക്കാനുള്ള സാദ്ധ്യത വിലയിരുത്തുക.
5. ഈ പാഠത്തിന്റെ കഥാസാരം സ്പേസും ചിഹ്നവും അക്കവുമടക്കം 140 അക്ഷരത്തിൽ കവിയാതെ ഉപന്യസിച്ച് പഴയ ട്വിറ്ററിൽ പോസ്റ്റുചെയ്യുക. ഇതേ ഖണ്ഡനീളം അനുവർത്തിക്കുന്ന ഫേസ്ബുക്ക് പോസ്റ്റുകളും പരിഗണിക്കാവുന്നതാണ്.
6. ഏറ്റവുമധികം റീട്വീറ്റ് ലഭിക്കുന്ന ഉത്തരത്തിന്റെ ഉടമയെ “ഉത്തരാധുനിക ഉത്തരയുത്തമൻ” എന്ന പട്ടം ചാർത്തി സ്കൂൾ വാർഷിക ദിനത്തിൽ ആദരിക്കുക.

**************************************************************************************************